Registration No: | | | | | | | | | | |

E1 – 2025

Subject Code **06**

# MALAYALAM

Time : 3 Hours 00 Minutes] [Total No. of Questions : 47] [Max. Marks : 80

**സൂചനകൾ**

06

1. **പാർട്ട്** '**A**' യിൽനിന്നുള്ള ചോദ്യങ്ങൾക്ക് ശരിയായ ഒരു ഉത്തരം മാത്രം തിരഞ്ഞെടുത്തെഴുതുക. ഈ ഭാഗത്ത് നിന്നും ഒരേ ചോദ്യത്തിന് രണ്ട് ഉത്തരങ്ങൾ എഴുതിയാൽ ആദ്യത്തേത് മാത്രമേ പരിഗണിക്കുകയുള്ളൂ.
2. ചോദ്യത്തിന്റെ ക്രമനമ്പർ ശരിയായി എഴുതുക.

## പാർട്ട് – A

I. ശരിയായ ഒരു ഉത്തരം മാത്രം തിരഞ്ഞെടുത്തെഴുതുക. **(10 × 1 = 10)**

1. ശിശുശശിചൂഡൻ എന്ന് വിശേഷിപ്പിക്കുന്നതാരെ?

a) പരമശിവനെ b) ശിശുപാലനെ

c) രുക്മിയെ d) കൃഷ്ണനെ

2. ചുടാത്തതും മഴയത്ത് കെടാത്തതുമായ ദീപമായി കവി വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

a) പൂമ്പാറ്റ b) കുരുവി

c) മിന്നാമിനുങ്ങ് d) പുഷ്പം

3. നരച്ച തന്തപ്പിടി നീ വെറും കോളേജ് പയ്യനോ ഇങ്ങനെ ചിന്തിച്ചതാരാണ്?

a) ബാർബർ b) കവി

c) ഇഷ്ടൻ d) മക്കൾ

4. ഈശ്വരൻ തെറ്റ് ചെയ്താലും ഞാൻ റിപ്പോർട്ട് ചെയ്യും എന്ന് പ്രഖ്യാപിച്ചതാരാണ്?

a) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

b) ഇയ്യങ്കോട് ശ്രീധരൻ

c) ഇ.വി. കൃഷ്ണപിള്ള

d) ജി. ഭാർഗ്ഗവൻ പിള്ള

5. പദ്മാലു വള്ളത്തിൽ നിന്നും മോഷ്ടിച്ചതെന്ത്?

a) പഞ്ചസാര b) അരി

c) ശർക്കര d) സ്വർണ്ണം

6. ഗൃഹനാഥന്മാരേക്കാൾ കരുതിക്കൊള്ളേണ്ടത് ആരെ എന്നാണ് ലേഖകൻ പറയുന്നത് ?

a) അരിവെയ്പുകാരനെ b) കാര്യസ്ഥനെ

c) തോട്ടക്കാരനെ d) ഗൃഹനാഥയെ

7. ബഷീറിന്റെ ഹൃദയം നൊമ്പരപ്പെട്ടത് ആരെയോർത്താണ്?

a) അമ്മയെ b) സുഹൃത്തിനെ

c) ബാല്യകാലസഖിയെ d) മുച്ചീട്ട് കളിക്കാരനെ

8. കൂളി ആരെ അന്വേഷിച്ചാണ് വന്നത് ?

a) ദാരികനെ b) ദാനവേന്ദ്രനെ

c) കൊട്ടുകാരെ d) കാളിയെ

9. നഗരത്തിൽ ദുഷ്യന്തൻ ആരാണ്?

a) കമ്പനിമാനേജർ b) കാവൽക്കാരൻ

c) സ്റ്റെനോഗ്രാഫർ d) തെരുവുതെണ്ടി

10. പരിഷ്ക്കാരത്തിന് അടിയറവ് പറഞ്ഞ സാഹചര്യം വിവരിക്കുന്ന കവിത ഏതാണ്?

a) നഗരത്തിൽ b) പക്ഷിക്കൂടുമ

c) ജലസേചനം d) വരഗുണങ്ങൾ

II. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. **(5 × 1 = 5)**

(കേരളം, ഭീഷ്മകൻ, ഔഷധസസ്യങ്ങൾ, നഗരത്തിൽ, പിഗ്ഗിബേങ്ക്, ഗ്രാമത്തിൽ)

11. ജീവിതം_______തളം കെട്ടി നിൽക്കുന്നു.

12. രുക്മിണിയുടെ പിതാവ് _______ ആണ്.

13. പ്രകൃതിയുടെ ശ്വാസകോശങ്ങളായാണ്_______ വിശേഷിക്കപ്പെടുന്നത്.

14. ഷീനക്ക്_______ വാങ്ങിക്കൊടുത്തത് അച്ഛനാണ്.

15. കുറഞ്ഞ ആളോഹരി വരുമാനം കൊണ്ട് കൂടുതൽ മാനവിക വികാസം നേടാമെന്ന് _______ തെളിയിച്ചു.

III. ചേരുംപടി ചേർക്കുക. **(5 × 1 = 5)**

| | |
|---|---|
| 16. രുക്മി | - ഫോട്ടോ |
| 17. അഭിലാഷ് | - വള്ളത്തിൽ |
| 18. കൊട്ടാരത്തിൽ ശങ്കുണ്ണി | - വരഗുണങ്ങൾ |
| 19. രംഗി | - രാത്രിമഴ |
| 20. സുഗതകുമാരി | - ഐതിഹ്യമാല |

## പാർട്ട് – B

IV. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (**മൂന്നെണ്ണത്തിന്**) **(3 × 2 = 6)**

21. അമ്മാപാപി പിണച്ചൊരനർത്ഥം എന്ത്?

22. മൃഗിയാവസ്ഥയിൽ നിന്നും ഉയരുവാൻ മനുഷ്യനെ സഹായിച്ച വസ്തുക്കളേവ?

23. മരങ്ങൾ എങ്ങനെയാണ് മിന്നാമിനുങ്ങിനെ കാത്തു നിൽക്കുന്നത്?

24. കേരളത്തിലെ പാർപ്പിടങ്ങൾ സംബന്ധിച്ച് ലേഖകൻ മുന്നോട്ട് വെയ്ക്കുന്ന നിർദ്ദേശമെന്ത്?

25. കൂളി കളികൾ അവതരിപ്പിച്ചതെങ്ങനെ?

V. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. (**രണ്ടെണ്ണത്തിന്**) **(2 × 4 = 8)**

26. ബലരാമൻ കാളിന്ദിയോട് അഭ്യർത്ഥിച്ചതെന്ത് ?

27. പക്ഷിക്കുടുമയോടെ തന്നെ കണ്ണാടിയിൽ കണ്ടപ്പോൾ കവിക്കുണ്ടായ പ്രതികരണം എന്തായിരുന്നു?

28. ചീനത്തുകാരനെ വർഷങ്ങൾക്കുശേഷം കണ്ടപ്പോൾ ഭട്ടത്തിരി സ്വീകരിച്ചതെങ്ങനെ?

29. 'യക്ഷിയെപ്പോലെ' എന്ന് ആതിഥേയനെ വിശേഷിപ്പിക്കാൻ കാരണമെന്ത് ?

VI. സന്ദർഭവും ആശയവും വ്യക്തമാക്കി ഒരു ഖണ്ഡിക എഴുതുക. (**രണ്ടെണ്ണത്തിന്**)

**(2 × 4 = 8)**

30. മാന്യതയുടെ അതിർത്തി ലംഘിച്ച് കഴിയുന്ന തങ്ങളെ ഒരു മാന്യൻ ചങ്ങാതികളായി സ്വീകരിക്കുന്നതിൽ അവർക്കിഷ്ടം തോന്നാതിരിക്കുമോ?

31. "ഉറക്കം തൂങ്ങുന്ന തെണ്ടികൾ ശ്രദ്ധയില്ലാത്ത വിഡ്ഢികൾ നിനക്കൊന്നും ഒരു ഉത്തര വാദിത്തവുമില്ലേ? അവളുടെ കയ്യിലെന്തിനു പങ്കായം കൊടുത്തു?"

32. ക്രൂരമായി കൊലചെയ്യപ്പെട്ട പല കഥാപാത്രങ്ങളും ഇന്നും ഇവിടെ അലഞ്ഞു തിരിയുന്നു ഓർമ്മകളിലും കഥകളിലും.

33. ഓരോ പ്രദേശത്ത് കൂടി ഒഴുകുന്ന നദികൾക്ക് അതിന്റേതായ പ്രത്യേക ഔഷധഗുണങ്ങൾ ആയുർവേദം കൽപ്പിക്കുന്നു.

**VII.** നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**ഒരെണ്ണത്തിന്**) **(1 × 4 = 4)**

34. രുക്മി, പുരുഷദോഷങ്ങൾ വിവരിക്കുന്നത് എങ്ങനെ?

35. ഷീന, ചൂഷണത്തിന് ഇരയായ സാഹചര്യം വിവരിക്കുക.

36. ബഷീർ നാട്ടിൽ തിരിച്ചെത്താനുള്ള കാരണങ്ങൾ വിശദീകരിക്കുക.

## പാർട്ട് – C

**VIII.** 37. പരാവർത്തനം ചെയ്യുക. (**ഒരെണ്ണത്തിന്** ) **(1 × 4 = 4)**

a) ചരിത്രം തേരോടിച്ച് പോയ സംസ്കാരത്തിന്റെ ചതഞ്ഞ മുഖങ്ങളിൽ പതിഞ്ഞ നിരാശത ചിതരിക്കിടക്കുന്ന ചിത്ത വൃത്തികളെങ്ങും പതറിപ്പകച്ചു ഞാൻ നിന്നുപോയരക്ഷണം

b) പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ ?

38. ആശയം വിശദമാക്കുക. **(1 × 4 = 4)**

കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു കൊച്ചുക്കുടിൽക്കത്രേ നിദ്രാസുഖം

39. പദം പിരിച്ച് സന്ധി നിർണ്ണയിക്കുക. (**രണ്ടെണ്ണത്തിന്**). **(2 × 2 = 4)**

a) താമരപ്പൂവ്

b) കാത്തിരിക്കുക

c) പേടിയാണ്

40. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. (**രണ്ടെണ്ണത്തിന്**). **(2 × 2 = 4)**

a) യുവനിര

b) സ്ത്രീ പുരുഷന്മാർ

c) നൂറ്റാണ്ട്

41. വിപരീതപദമെഴുതുക. (**രണ്ടെണ്ണത്തിന്**). **(2 × 1 = 2)**

a) ഇഷ്ടം

b) മുങ്ങുക

c) ശത്രു

42. പര്യായപദമെഴുതുക. (**രണ്ടെണ്ണത്തിന്**). **(2 × 1 = 2)**

a) മനുഷ്യൻ

b) വീട്

c) കണ്ണ്

43. വൃത്തം നിർണ്ണയിക്കുക. (**ഒരെണ്ണത്തിന്**). **(1 × 2 = 2)**

a) ഉള്ളിന്റെയുള്ളിൽ ഗൃഹാതുരത്വം പേറിയല്ലലിൽ താഴാതുയർന്ന ശിരസ്സുമായ്

b) സീരത്താലാറ്റിന്റെ തീരത്തെ, നിന്ദാഹം കാരത്തെ ഭേദിച്ചു രാമഭദ്രൻ

44. അലങ്കാരം നിർണ്ണയിക്കുക. **(1 × 2 = 2)**

തൻഗതിമുട്ടിയുഴന്നുപോയ് കാളിന്ദി
യങ്കുശമേറ്റ കരിണിപോലെ

45. വാക്യത്തിൽ പ്രയോഗിക്കുക. (**രണ്ടെണ്ണത്തിന്**). **(2 × 1 = 2)**

a) ശുഭപ്രതീക്ഷ

b) മുഖസ്തുതി

c) അനുയോജ്യം

46. നിങ്ങൾ യാത്രപോയ സ്ഥലത്തിന്റെ പ്രത്യേകതകൾ വിവരിച്ചുകൊണ്ട് സുഹൃത്തിന് കത്തെഴുക. **(1 × 4 = 4)**

47. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക. **(1 × 4 = 4)**

Life is possible due to the 'presence of water. Nearly three fourth's of the earth's surface is covered with water. Water is also found below the earth's surface. It is present in air in the form of water vapour. About 70% of the human body consists of water. The bodies of all plants and animals contain water. Rainwater, oceans, rivers, lakes, streams, ponds and springs are natural sources of water. Dams, wells, tubewells, canals etc are man made sources of water.